**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **22-02-2022 - ൽ മറുപടിയ്ക്ക്**

**റീജ്യണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്ററിൽ ജീവനക്കാർക്ക് പെൻഷൻ നടപ്പിലാക്കിയത് എന്നുമുതലാണ് എന്ന വിവരം നൽകാമോ; | (എ) | 05-09-2014 മുതൽ ആണ് ആർ.സി.സി എംപ്ലോയീസ് പെൻഷൻ സ്കീം പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. |
| (ബി) | റീജ്യണൽ കാൻസർ സെന്ററിലെ എത്ര ജീവനക്കാരാണ് പെൻഷൻ സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുള്ളതെന്നും മുഴുവൻ ജീവനക്കാരും അംഗങ്ങളായി ചേരണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്നും പെൻഷൻ സ്കീമിൽ ചേരാത്ത ജീവനക്കാർ ഉണ്ടെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | സ്കീമിൽ നിലവിൽ 561 (പെൻഷൻ വാങ്ങുന്നവർ ഉൾപ്പെടെ) അംഗങ്ങളായി ചേർന്നിട്ടുണ്ട്. 26-02-2011-ലോ അതിന് ശേഷമോ ആർ.സി.സിയിൽ ചേർന്നിട്ടുള്ള എല്ലാം ജീവനക്കാരും ആർ.സി.സി യുടെ പെൻഷൻ പദ്ധതിയ്ക്ക് കീഴിൽ വരുന്നതാണ്. ആർ .സി.സിയുടെ പെൻഷൻ സ്കീമിന് അർഹതയുള്ള 375 റെഗുലർ ജീവനക്കാർ നിലവിൽ ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീമിൽ അംഗങ്ങളായിട്ടില്ല. |
| (സി) | ജീവനക്കാരിൽ നിന്ന് എത്ര തുക വച്ചാണ് പെൻഷൻ വിഹിതം പിടിക്കുന്നതെന്നും എത്ര തുകയാണ് ജീവനക്കാർക്ക് പെൻഷനായി നൽകുന്നതെന്നും ഇതിന്റെ മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ? | (സി) | ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% ആണ് പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതമായി ശമ്പളത്തിൽ നിന്നു പിടിക്കുന്നത് . ആർ. സി .സി. എംപ്ലോയീസ് പെൻഷൻ സ്കീം റൂൾസ് അനുസരിച്ച് അർഹതപ്പെട്ട സേവനകാലയളവ്, അവസാനം കൈപ്പറ്റിയ അടിസ്ഥാന ശമ്പളം പെൻഷൻ സ്കീമിലേക്ക് വിഹിതമായി അടച്ച തുക എന്നിവ അടിസ്ഥാനമാക്കി ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീം മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് പെൻഷൻ നൽകുന്നത്. നിലവിൽ ആറാം ശമ്പളക്കമ്മീഷനിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ